# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 1278 — 12/07/2011 ൽ മറുപടി നൽകേണ്ടിയിരുന്നത്

## പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം

| ചോദ്യം<br>ശ്രീ.ജെയിംസ് മാത്യു: | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| --- | --- |
| (എ) സംസ്ഥാനത്തെ ഇപ്പോഴത്തെ മന്ത്രി മാരടക്കമുള്ളവരുടെ പേരിലുള്ള പ്രധാന കേസ്സുകൾ അന്വേഷിക്കുന്ന ടീമുകളിൽ-പ്പെട്ട പോലീസ് ഉദ്യോഗസ്ഥരെ വിവിധ സ്ഥലങ്ങളിലേക്ക് കൂട്ട സ്ഥലംമാറ്റം നടത്തിയതിനെപ്പറ്റിയുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കാരണം വ്യക്തമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; സംസ്ഥാനത്തെ പോലീസ് സേനയിൽ എല്ലാവർഷവും നടത്തിവരാറുള്ള പൊതുസ്ഥലംമാറ്റം 2011 ലെ ഇലക്ഷൻ പെരുമാറ്റചട്ടം 01/03/2011 മുതൽ 18/05/2011 വരെയുള്ള കാലയളവിൽ നിലനിന്നിരുന്നതിനാൽ നടത്താൻ സാധിച്ചിരുന്നില്ല. എന്നാൽ പെരുമാറ്റചട്ടം പിൻവലിച്ചശേഷം വാർഷിക പൊതുസ്ഥലംമാറ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി നിലവിൽ മൂന്നു വർഷം ജോലി ചെയ്ത പോലിസ് ഉദ്യോഗസ്ഥന്മാരിൽ നിന്നും അവർക്ക് സ്ഥലംമാറ്റപ്പെട്ടാൽ ജോലി ചെയ്യാൻ ആഗ്രഹിക്കുന്ന മുൻഗണനാക്രമത്തിൽ മൂന്ന് പോലീസ് സ്റ്റേഷനുകളുടെ പേരുകൾ രേഖപ്പെടുത്തി കൊണ്ടുള്ള ഓപ്ഷനുകൾ സ്വീകരിക്കാറുണ്ട്. അതിനുശേഷം അവ പരിശോധിച്ച് സാധ്യമാകുന്ന വിധത്തിൽ അവർ |

| | |
|---|---|
| | ആവശ്യപ്പെട്ട സ്ഥലങ്ങളിലേയ്ക്ക് മാറ്റം നൽകുകയും ചെയ്യുന്നു. പോലീസ് സേനയുടെ ഭരണപരമായ സൗകര്യവും സുഗമവും കാര്യക്ഷമമായ നടത്തിപ്പ്, അച്ചടക്കം, ജില്ലയിലെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ എന്നിവമൂലം കാലപരിധിയോ, ദൂരപരിധിയോ എല്ലായ്പ്പോഴും കൃത്യമായി പാലിക്കാൻ പ്രായോഗികമല്ല. 2011 ലെ തെരഞ്ഞെടുപ്പ് പെരുമാറ്റചട്ടം കഴിഞ്ഞതിന് ശേഷമുള്ള സ്ഥലംമാറ്റങ്ങളും ഇത്തരത്തിലാണ് ചെയ്തിട്ടുള്ളത്. |
| (ബി) ഇത്തരത്തിൽ പോലീസ് ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം, കേസ്സിൽപെട്ടവരെ സംരക്ഷിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലപാട് വ്യക്തമാക്കുമോ ? | (ബി) ഇല്ല. |

സെക്ഷൻ ഓഫീസർ